കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

നമ്പർ: D1-18365/2022/CEI തീയതി: 25-07-2024

## സർക്കുലർ നമ്പർ : 13/2024

1. സി ഗ്രേഡ് കോൺട്രാക്ടർ ലൈസൻസിനുള്ള തൊഴിൽ പരിചയമായി , ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പരിശോധന പരിധിയിൽ വരുന്ന പ്രതിഷ്ഠാപനങ്ങളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് , കേരളത്തിൽ ഉള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് എന്നിവ പരിഗണിക്കാവുന്നതാണ്.

2. വകുപ്പിന്റെ പരിശോധന പരിധിയിൽ വരുന്ന പ്രതിഷ്ഠാപനങ്ങളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റാണെങ്കിൽ പ്രസ്തുത വിവരവും, കേരളത്തിൽ ഉള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ളതാണെങ്കിൽ ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തിയിട്ടുണ്ട് എന്ന വിവരവും ഓൺലൈൻ ഫയലിൽ കുറിപ്പായി രേഖപ്പെടുത്തേണ്ടതാണ്.

3. വകുപ്പിന്റെ പരിശോധന പരിധിയിൽ വരുന്നതും എന്നാൽ മറ്റ് ജില്ലകളിലെ പ്രതിഷ്ഠാപനങ്ങളിൽ നിന്ന് ലഭിച്ചതുമായ സർട്ടിഫിക്കറ്റാണെങ്കിൽ ആയതിന്റെ ആധികാരികത പ്രസ്തുത ജില്ലയുമായി ബന്ധപെട്ട് ഉറപ്പുവരുത്തി ആ വിവരം ഓൺലൈൻ ഫയലിൽ കുറിപ്പായി രേഖപ്പെടുത്തേണ്ടതാണ്.

4. കാലാവധി കഴിഞ്ഞ് 9 മാസത്തിനുള്ളിൽ പുനഃസാധൂകരണം (Revalidation) ചെയ്യാത്ത എ, ബി, സി ഗ്രേഡ് ലൈസൻസുകൾക്ക് പകരം പുതിയ ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ( interview ഇല്ലാതെ ) 01/07/2024 മുതൽ "സംരക്ഷ" സോഫ്റ്റ്‌വെയർ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

5. കാലാവധി കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ പുനഃസാധൂകരണം (Revalidation) ചെയ്യാത്ത എക്സംപ്ഷൻ കാറ്റഗറിയിലുള്ള സൂപ്പർവൈസർ/വയർമാൻ പെർമിറ്റുകൾക്ക് പകരം പുതിയ പെർമിറ്റുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ 01/07/2024 മുതൽ "സംരക്ഷ" സോഫ്റ്റ്‌വെയർ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

6. സി ക്ലാസ് കോൺട്രാക്ടർ ലൈസൻസിനുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് കോൺട്രാക്ടറിൽ നിന്നും എടുക്കുന്ന സമയത്ത് വയർമാൻ ടി കോൺട്രാക്ടറിൽ നിന്നും വിടുതൽ വാങ്ങേണ്ടതില്ല. പകരം സി ക്ലാസ് ലൈസൻസിനുള്ള അഭിമുഖത്തിൽ വിജയിക്കുകയാണെങ്കിൽ കോൺട്രാക്ടറുടെ കീഴിൽ നിന്നും സ്വയം വിടുതൽ വാങ്ങുന്നതാണ് എന്ന സത്യപ്രസ്താവന അപേക്ഷയോടൊപ്പം സംരക്ഷയിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

സെക്രട്ടറി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡ്

Signed by R Rajesh Babu
Date: 26-07-2024 11:49:14